പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4105 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ

ചോദ്യം
ശ്രീ.ടി. വി. ഇബ്രാഹിം

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2016-17 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്. ആർ.ടി.സി.യുടെ 1000 ബസ്സുകൾ സി.എൻ. ജി.യിലേക്ക് മാറ്റുന്നതിന് 300 കോടി രൂപ അനുവദിച്ചിരുന്നു. ആദ്യ വർഷം 50 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ആയതിനുള്ള Detailed Project Report KIIFB മുൻപാകെ സമർപ്പിച്ചു കഴിഞ്ഞു. കൂടാതെ 5 വർഷം പൂർത്തിയാകുന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ (ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് മുതലായവ) മാറ്റി പകരം പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിന് ബസ്സുകൾ ആവശ്യമാണ്. ഇതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (സി) | നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ പക്കലുള്ള എത്ര ബസ്സുകളാണ് സർവ്വീസ് നടത്താനാകാതെ കട്ടപ്പുറത്തുള്ളത്; അറിയിക്കാമോ; | (സി) | 08.05.2017-ലെ കണക്കനുസരിച്ച് 5916 കെ.എസ്.ആർ.ടി.സി ബസ്സുകളും, 679 ജൻറം ബസ്സുകളുമാണ് നിലവിലുണ്ടായിരുന്നത്. ഇതിൽ 666 കെ.എസ്.ആർ.ടി.സി ബസ്സുകളും 186 ജൻറം ബസ്സുകളും വിവിധ അറ്റകുറ്റ പണികൾക്കായി പിടിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇനി ഒരിക്കലും ഓടിക്കാൻ കഴിയാത്ത രീതിയിലുള്ള പഴയ ബസ്സുകൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള സംവിധാനങ്ങൾ കെ.എസ്.ആർ.ടി.സി.യിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | ഉപയോഗ ശൂന്യമായ പഴയ ബസ്സുകൾ ലേലം ചെയ്തു വിൽക്കുന്നതിനുള്ള സംവിധാനങ്ങൾ കെ. എസ്. ആർ. ടി. സി യിൽ നിലവിലുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ M/s MSTC (Metal Scrap Trading Corporation Ltd, Public Sector Undertaking under the Administrative Control of Ministry of Steel, Govt of India) ബാംഗ്ലൂർ മുഖേന e-auction നിലൂടെയാണ് കെ.എസ്.ആർ.ടി.സി.യിൽ ഇനി ഒരിക്കലും ഓടിക്കാൻ കഴിയാത്ത രീതിയിലുള്ള പഴയ ബസ്സുകൾ ലേലം ചെയ്തു വിൽക്കുന്നത്. |
| (ഇ) | 2016-17 കാലയളവിൽ ബസ്സുകൾ ഇങ്ങനെ ലേലം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ ബസ്സുകളുടെ എണ്ണം, ലഭിച്ച വരുമാനം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | 2016-17 കാലയളവിൽ ലേലം ചെയ്തു വിൽപ്പന നടത്തിയ ബസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| വർക്ക് ഷോപ്പ് | ബസ്സുകളുടെ എണ്ണം | ലഭിച്ച വരുമാനം (രൂപ) |
|---|---|---|
| സെൻട്രൽ വർക്ക്സ്, പാപ്പനംകോട് | 78 | 61,66,632/- |
| റീജിയണൽ വർക്ക് ഷോപ്പ്, ആലുവ | 58 | 52,14,213/- |
| റീജിയണൽ വർക്ക് ഷോപ്പ്, എടപ്പാൾ | 171 | 1,42,79,769/- |
| റീജിയണൽ വർക്ക് ഷോപ്പ്, മാവേലിക്കര | 22 | 18,38,004/- |
| റീജിയണൽ വർക്ക് ഷോപ്പ്, കോഴിക്കോട് | NIL | NIL |
| ആകെ | 329 | 2,74,98,618/- |

**സെക്ഷൻ ഓഫീസർ**